**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **09-06-2021 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര പദ്ധതികൾ നിലവിൽ പൂർത്തീകരിക്കുവാനുണ്ട്; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജെജെഎം, കിഫ്ബി, നബാർഡ് , സ്റ്റേറ്റ് പ്ലാൻ, അമൃത് , ആർ കെ ഐ ,എ ഡി ബി ,ഡിപ്പോസിറ്റ് തുടങ്ങിയ വിവിധ ശീർഷകങ്ങളിലായി 2254 പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഇതിൽ ഒരു കോടി രൂപയ്ക്കു മുകളിൽ പദ്ധതി ചെലവ് വരുന്ന 833 പ്രവർത്തികളും ഉൾപ്പെടുന്നു. 2024 ഓടു കൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള ജലജീവൻ പദ്ധതികളും ഇവയിൽ ഉൾപ്പെടുന്നു. |
| (ബി) | ഇതിനോടകം ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട് . നിശ്ചിത ഇടവേളകളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തെ സംബന്ധിച്ചുള്ള കൃത്യമായ അവലോകനങ്ങളും മറ്റു വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികളും കൈക്കൊള്ളുന്നുണ്ട് . പദ്ധതി പുരോഗതിയെ ബാധിക്കുന്ന പ്രധാന ഘടകം റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ഇത്തരം അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനു വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനു വേണ്ടി കോ ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ജില്ലാവികസന കൗൺസിലിൻറെയും ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങ ളിലൂടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ജല അതോറിറ്റിയിൽ |

| | | | |
|---|---|---|---|
| | | | പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ ജില്ലാ തലത്തിലും കേന്ദ്ര കാര്യാലയത്തിലും രൂപീകരിച്ചിട്ടുണ്ട് ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കാൻ കോൺട്രാക്ടർമാർക്ക് കർശന നിർദ്ദേശം നൽകുന്നുണ്ട് . പദ്ധതികളുടെ പ്രവൃത്തി പുരോഗതി രേഖപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ വെബ് സൈറ്റ് വഴി പ്രതിവാര പുരോഗതി മോണിറ്ററിംഗ് നടത്തി വരുന്നു. ഇതുവഴി പ്രവർത്തന പുരോഗതി സംസ്ഥാന തലത്തിൽ പ്രതിമാസം വിലയിരുത്തുന്നു. |
| (സി) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് സമ്പൂർണ്ണമായും ജലം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. സംസ്ഥാനത്തു 01.04.2020 ലെ കണക്കനുസരിച്ച ആകെയുള്ള 67.15 ലക്ഷം ഗ്രാമീണ വീടുകളിൽ 17.5 ലക്ഷം വീടുകൾക്കാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തു ഗ്രാമീണ മേഖലയിൽ 404464 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയുണ്ടായി. 31.05.2021 ലെ കണക്കു പ്രകാരം സംസ്ഥാനത്തു ജല ജീവൻ പദ്ധതി നിലവിൽ വന്നതിനു ശേഷം 525301 അധികം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം നിലവിൽ സംസ്ഥാനത്തു 2275301 (33.88%) ഗ്രാമീണ വീടുകളിലാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തു ജല ജീവൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ചു നിലവിൽ പൂർത്തീകരിച്ചു ജലവിതരണം നടന്നു വരുന്ന പദ്ധതികളിൽ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ആദ്യ ഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇതിനു പുറമെ വിവിധ ശീർഷകങ്ങളിൽ ഏറ്റെടുത്ത പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. അത് വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികളും ഇതിനകം തന്നെ ആവിഷ്കരിച്ചു നിർവ്വഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം പൂർത്തീകരിച്ചതും പ്രവർത്തികൾ പുരോഗമിക്കുന്നതുമായ പദ്ധതികളിലൂടെ പരമാവധി |

| | | | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിലൂടെ മാത്രം ജലജീവൻ പദ്ധതി ലക്ഷ്യമിടുന്ന സമ്പൂർണ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം കൈവരിക്കാനാകില്ല. ഈ സാഹചര്യത്തിൽ നിലവിൽ പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിലും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം ആവശ്യമായ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ  പ്രവർത്തനങ്ങളിലൂടെ 2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ജല ജീവൻ മിഷൻ പദ്ധതിയുടെ സമ്പൂർണ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ